# Mathrubhumi

## 17 June 2018

## Kochi: Heavy rain, Trolling

# കിഴക്കൻ വെള്ളമെത്തി, കടലിളകി പക്ഷേ, കാണാനില്ല മീനൊന്നും

## ട്രോളിങ് നിരോധനം തുടങ്ങിയിട്ടും ചെറുവള്ളങ്ങൾക്ക് കോരു കിട്ടുന്നില്ല

**കൊച്ചി** ▸ പെരുമഴയിൽ കിഴക്കുനിന്നു കായൽവഴി കടലിലേക്ക് മലവെള്ളത്തിന്റെ കുത്തൊഴുക്കുണ്ട്. കടലിളകിക്കിടക്കുന്നു. കടലിളകുമ്പോൾ മീൻകൊയ്ത്താണ് പതിവ്. പക്ഷേ, ഇക്കുറിയെന്തോ മീനില്ല. ട്രോളിങ് നിരോധിച്ചതിനാൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഈ സമയം ധാരാളം മീൻ കിട്ടുമായിരുന്നു. ട്രോളിങ് നിരോധനം നിലവിൽ വന്ന് നാലുനാളായി. രണ്ടു ദിവസമായി, കടലിൽ പോകുന്നവർ ഒഴിഞ്ഞ വള്ളവുമായാണ് മടക്കം.

''ട്രോളിങ് നിരോധനം തുടങ്ങിയിട്ട് ഞങ്ങൾ കടലിൽ പോയിട്ടില്ല. കുറച്ചു വള്ളങ്ങൾ മാത്രം ഒന്നുരണ്ടു ദിവസമിറങ്ങി. പകൽ മുഴുവൻ ഓടി നോക്കിയിട്ട് പച്ചമീൻ കണ്ണിൽ കണ്ടില്ല''-മത്സ്യത്തൊഴിലാളിയും കേരള പരമ്പരാഗത മത്സ്യത്തൊഴിലാളി സമിതി സെക്രട്ടറിയുമായ പി.വി. ജയൻ പറയുന്നു.

"തിങ്കളാഴ്ച മുതലേ ഇനി പോകുന്നുള്ളൂ. ഒന്നും കാണുന്നില്ല. കടലിൽ മീനില്ല. രണ്ടു ദിവസം അലഞ്ഞുതിരിഞ്ഞിട്ടും ഒന്നും കിട്ടിയില്ല".

മഴയും കാറും കോളുമുള്ള കാലാവസ്ഥ കൊണ്ടല്ല മീൻ കിട്ടാത്തതെന്ന് തൊഴിലാളികൾ. "കാലാവസ്ഥയെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ഈ കാലാവസ്ഥയിൽ നമ്മക്കെന്തെങ്കിലും കിട്ടേണ്ടതാണ്. കടലിൽ മീനില്ല എന്നതുതന്നെയാണ് സത്യം. ഇനി പടിഞ്ഞാറു നിന്ന് മീനിറങ്ങി വരുമ്പഴേ കിട്ടുള്ളൂ.

കഴിഞ്ഞ രണ്ടുമൂന്നു കൊല്ലമായി നാരൻ ചെമ്മീൻ കാണാനില്ല. മുമ്പ് നന്നായി കിട്ടിക്കൊണ്ടിരുന്നതാണ്. അതിപ്പോ കടലിൽ വരുന്നില്ല. വളരെക്കുറച്ച് ചെറുവള്ളങ്ങൾക്കു മാത്രം കിട്ടിയെന്നറിഞ്ഞു. കേര, ഉടുത, സ്രാവ്, മാച്ചാൻ, തോവാര, തിരണ്ടി, തീരത്തു വന്നിരുന്ന തിരിയാൻ... അതൊക്കെ ഞങ്ങൾക്കു കിട്ടിയിരുന്ന മീനുകളാണ്. ഇപ്പോൾ കാണാൻ കിട്ടുന്നില്ല. വമ്പീനുകളായ പലതിനും വംശനാശം തന്നെ വന്നുപോയി''-സങ്കടത്തോടെയാണ് അവരിത് പറയുന്നത്.



▶ ആളൊഴിഞ്ഞ് മുനമ്പം ഫിഷിങ് ഹാർബർ

### നിശ്ശബ്ദമായ ഹാർബറുകൾ

ആളു നിറയേണ്ട, ആരവമുയരേണ്ട ഹാർബറുകൾ നിശ്ശബ്ദമാണ്. തൊഴിലാളികൾ വള്ളങ്ങൾ കൊണ്ടുചെന്നു കെട്ടി. കുറേക്കാലമായി മീൻ കുറവാണ് ജില്ലയുടെ തീരങ്ങളിൽ. ഒരു മാസത്തെ കണക്കെടുക്കുകയാണെങ്കിൽ കുറച്ചു മീൻ കിട്ടിയത് ആലപ്പുഴ ഭാഗത്താണ്. അവിടെയാണ് മത്തി കിട്ടിയത്. അവിടത്തെ മീൻവരവു കണ്ട് കൊച്ചിയിൽ നിന്ന് നാൽപ്പതോളം ഇൻബോർഡ് വള്ളങ്ങളും ചെറുവള്ളങ്ങളും അങ്ങോട്ടു പോയിരുന്നു. പോയതു മിച്ചം. കോരു കിട്ടിയത് വളരെക്കുറച്ച് വള്ളങ്ങൾക്കു മാത്രം. എല്ലാ വള്ളങ്ങൾക്കും കോരു കിട്ടുന്നില്ല. ഇന്നത്തെ വിലയ്ക്ക് മത്തി നന്നായി കിട്ടിയാൽ ലക്ഷങ്ങൾ കൈവരും. പക്ഷേ, കിട്ടുന്നില്ല.

പണ്ട് വർഷത്തിൽ ഒമ്പതുമാസം വള്ളക്കാർക്ക് നന്നായി മീൻ കിട്ടിക്കൊണ്ടിരുന്നു. ഇപ്പോഴത് വെറും നാലു മാസമായി ചുരുങ്ങി. വരുമാനം നന്നേ കുറഞ്ഞു.

സഹകരണ സംഘങ്ങളും മത്സ്യഫെഡും വഴി എടുത്തിരിക്കുന്ന വായ്പകളൊക്കെ തിരിച്ചടയ്ക്കാനാവാതെ വള്ളക്കാരും തൊഴിലാളികളും ബുദ്ധിമുട്ടിലാണ്. വായ്പ നൽകിയ സഹകരണ സംഘങ്ങളും പ്രശ്നത്തിലായി.

75 മുതൽ 90 ശതമാനം വരെ തിരിച്ചടവു മുടങ്ങിയിട്ടുള്ള സംഘങ്ങൾക്ക് തുടർന്ന് പണമൊന്നും നൽകേണ്ട എന്ന സർക്കാർ തീരുമാനം ഈ സംഘങ്ങളെ ബാധിക്കും. വള്ളക്കാരും തൊഴിലാളികളും തിരിച്ചടച്ചാലല്ലേ സംഘങ്ങൾക്ക് നിലനിൽക്കാനാവൂ. സർക്കാരിന്റെ തീരുമാനം ശരിയല്ലെന്നാണ് തൊഴിലാളികൾ പറയുന്നത്.

വലയും മറ്റുപകരണങ്ങൾ വാങ്ങാനും അറ്റകുറ്റപ്പണികൾ നടത്താനും തങ്ങളെ സഹായിക്കുന്നത് ഈ സംഘങ്ങളാണ്. മീൻ ലഭ്യതയുള്ളപ്പോൾ തങ്ങൾ തിരിച്ചടയ്ക്കുന്നുണ്ട്. പക്ഷേ, കൃത്യമായി തിരിച്ചടയ്ക്കാൻ കഴിയുന്നില്ലെന്നു മാത്രം.

അതിന്റെ പേരിൽ വായ്പ നിഷേധിക്കുകയോ നടപടിയെടുക്കുകയോ ചെയ്താൽ ഇപ്പോൾത്തന്നെ പ്രശ്നങ്ങൾകൊണ്ട് ബുദ്ധിമുട്ടുന്ന തൊഴിലാളികൾക്ക് ജീവിതം ഒട്ടുമേ മുന്നോട്ടു കൊണ്ടുപോകാൻ കഴിയാതെ വരും.